भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

INDIA

INDIA NON JUDICIAL

കേരളം केरल KERALA CF 931397

## വാടകഎഗ്രിമെന്റ്

**2023** രണ്ടായിരത്തി ഇരുപത്തിമൂന്ന് ഒക്ടോബർ **18** പതിനെട്ടാം തീയ്യതി, ഹൊസ്ദുർഗ്ഗ് താലൂക്ക്,അജാനൂർ ഗ്രാമത്തിൽ, തെക്കെപ്പുറം,ചേരക്കാടത്ത് ഹൗസ്,പി.ഒ.മാണിക്കോത്ത് എന്ന വിലാസത്തിൽ താമസിക്കും മജീദ് എന്നവരുടെ മകൻ റാഷിദ്.സി **(Aadhar card No.8036 0844 7608) 1** ാം കക്ഷിയായും

| | |
|---|---|
| **1** ാം കക്ഷി | **2** ാം കക്ഷി |
| റാഷിദ്.സി | വാഴക്കോടൻ കൃഷ്ണൻ |

Sl. No: 20449 Date: 18 OCT 2023
Value of ₹50
Issued to Rashid.C – Ajanur
Village
Ghanashyam Prasad. U

SUB TREASURY HOSDURG 13 OCT 2023

ഹൊസ്ദുർഗ്ഗ് താലൂക്ക്,ബല്ല ഗ്രാമത്തിൽ,മേലാങ്കോട്ട്, എന്ന വിലാസത്തിൽ താമസിക്കും കുഞ്ഞമ്പു എന്നവരുടെയും ചോയിച്ചി അമ്മ എന്നവരുടെയും മകൻ **84** വയസ്സുള്ള വാഴക്കോടൻ കൃഷ്ണൻ **2** ാം കക്ഷിയായും എഴുതി വെച്ച വാട കഎഗ്രിമെന്റ്.

**2** ാം കക്ഷിയുടെ സ്വന്തം ജന്മവും കൈവശവുമായ കാഞ്ഞങ്ങാട് നഗര സഭാപരിധിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിലെ **KMCW-3/3387** എന്ന നമ്പ്ര പതിഞ്ഞ മുറി മാസം ഒന്നുക്ക് **5000**/അഞ്ചായിരം ഉറുപ്പിക പ്രകാരം വാടക തരുവാൻ നിശ്ചയിച്ച് ഇന്നു മുതൽ **11** പതിനൊന്ന് മാസത്തെ അവധിക്ക് 1 ാം കക്ഷി 2 ാം കക്ഷിയോട് വാടകയ്ക്ക് ഏറ്റ് വാങ്ങുകയും 2 ാം കക്ഷി സമ്മതിച്ചു തരികയും ചെയ്തിരിക്കകൊണ്ട് മേൽപറഞ്ഞ മുറി 1 ാം കക്ഷി വാടക അവകാശത്തിന്മേൽ കയ്വശം വെച്ച് അതിൽ **Ladies Tailoring and Sales** എന്ന സ്ഥാപനം നടത്തി മാസത്തിൽ 2 ാം കക്ഷിക്ക് തരുവാൻ നിശ്ചയിച്ച വാടക **5000**/അഞ്ചായിരം ഉറുപ്പിക പ്രകാരം വരുന്ന തുക എല്ലാ മാസവും 1ാം തീയ്യതി ക്കകം 2 ാം കക്ഷിക്ക് തന്നു 2 ാം കക്ഷിയോട് രശീതി വാങ്ങിക്കൊൾകയും അവധി **11** പതിനൊന്ന് മാസം കഴിഞ്ഞേടത്ത് മേൽപറഞ്ഞ മുറി നിർവാദം 2 ാം കക്ഷിക്ക് വിട്ടൊഴിഞ്ഞ് തന്നു കൊൾകയും ചെയ്യാം. മേൽനിശ്ചയ പ്രകാരമുള്ള വാടക ക്ലിപ്ത തീയ്യതിക്ക് 2 ാം കക്ഷിക്ക് തീർത്ത് തരാതെ ബാക്കി വരുത്തിയാൽ ബാക്കി വരുത്തിയ വാടക നിയമ പ്രകാരം പലിശയോടു കൂടി തരുവാൻ 1 ാം കക്ഷി ബാദ്ധ്യസ്ഥയും ആയത് നഷ്ടത്തോടുകൂടി 1 ാം കക്ഷിയിൽ നിന്നും 1 ാം കക്ഷിയുടെ വക സ്ഥിരചര സ്വത്തുക്കൾ ഈടായും വസൂൽ ചെയ്തെടുക്കുവാൻ 2 ാം കക്ഷിക്ക് പൂർണ്ണ അധികാര മുണ്ടായിരിക്കുന്നതും, ആകുന്നു.

| | |
|---|---|
| **1** ാം കക്ഷി | **2** ാം കക്ഷി |
| റാഷിദ്.സി | വാഴക്കോടൻ കൃഷ്ണൻ |

മേൽപറഞ്ഞ അവധി കഴിഞ്ഞേടത്ത് മേൽപറഞ്ഞ മുറി 2 ാം കക്ഷിക്ക് തന്നെ ഒഴിഞ്ഞു തരുന്നതല്ലാതെ കയ്മാറ്റപ്പെടുത്തുവാനോ വേറെയാർക്കും വാടകയ്ക്ക് കൊടുക്കുവാനോ റിപ്പയർ ചെയ്യുവാനോ മുറിക്ക് കേടുപറ്റത്തക്ക പ്രവൃത്തികൾ ചെയ്യുവാനോ സർക്കാർ നിയമം മൂലം നിരോധിച്ച സാധനങ്ങൾ മുറിക്കകത്ത് സൂക്ഷിക്കുവാനോ,പരിസരമലിനീകരണത്തിന് കാരണമാകുന്ന പ്രവർത്തികൾ ചെയ്യുവാനോ 1 ാംകക്ഷിക്കധികാരമില്ലാത്തതും,മേപ്പടി മുറി ഒഴിഞ്ഞ് തരുമ്പോൾ മുറിക്ക് വല്ല കേടുപാടുകളും 1 ാംകക്ഷി മുഖേന വരുത്തി യാൽ അത് 1 ാംകക്ഷിയുടെ ചെലവിൽ ഇപ്പോഴത്തെ കണ്ടീഷനിൽ തന്നെയാക്കി തരുവാൻ 1 ാംകക്ഷി ബാദ്ധ്യസ്ഥനാണ്. മേപ്പടി മുറിയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ യഥാസ്ഥലത്ത് നിക്ഷേപിച്ച് 1 ാംകക്ഷി സംസ്ക്കരിക്കേണ്ടതും മേൽപറഞ്ഞ മുറി അവധിക്ക് മുമ്പായി 1 ാംകക്ഷി ഒഴിയുകയാണെങ്കിലോ 2 ാം കക്ഷിക്ക് ആവശ്യമായി വരികയാണെങ്കിലോ രണ്ട് മാസം മുമ്പേ ഇരുകക്ഷികളും പരസ്പരം അറിയ്ക്കേണ്ടതും മേപ്പടി മുറിയുടെ വാടക ഭദ്രതയ്ക്കായി **10,000**/പത്തായിരം ഉറുപ്പിക ഡെപ്പോസിറ്റായി 2 ാം കക്ഷിക്ക് തന്നിട്ടുള്ളതും,മുറി ഒഴിഞ്ഞു തരുമ്പോൾ യാതൊരു പലിശയുമില്ലാതെ മേപ്പടി തുക 2 ാം കക്ഷി 1 ാം കക്ഷിക്ക് തിരിച്ചുതരേണ്ടതും ഇതേ മുറി അവധിക്ക് ശേഷവും **1** ാം കക്ഷി ഉപയോഗിക്കുകയാണെങ്കിൽ ഓരോ വർഷത്തിന് ശേഷം നിലവിലുള്ള വാടകയുടെ **7%** ഏഴ്ശതമാനം വർദ്ധിപ്പിച്ച് എഗ്രിമെന്റ് പുതുക്കി തരുന്നതുംആകുന്നു.

ടി മുറിയുടെ അതാതു മാസത്തെ കറന്റ് ചാർജ്ജ് 1 ാം കക്ഷി തന്നെ അടച്ചു തീർക്കുന്നതിന്നു പുറമെ മാസത്തിൽ **5000**/അഞ്ചായിരം ഉറുപ്പിക പ്രകാരം വാടക തരുവാൻ നിശ്ചയിച്ചതുമാണ്.

| | |
|---|---|
| **1** ാം കക്ഷി | **2** ാം കക്ഷി |
| റാഷിദ്.സി | വാഴക്കോടൻ കൃഷ്ണൻ |
| <u>സാക്ഷികൾ</u>1. | 2 |